കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# നെല്ലനാട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail: lfadtvm@yahoo.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.10/2021/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം, തീയതി.19.10.2017

ഇമെയിൽ - lfadtvm@yahoo.in

വെബ് - www.lfa.kerala.gov.in

ഫോൺ - 04712331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : നെല്ലനാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേ ണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20 ,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 10/2021/2017 തീയതി 19.10.2017

## തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ്ചട്ടങ്ങളിലെ ചട്ടം 18 എന്നിവ*

പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 22-10-16 മുതൽ 11.09.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ റാൻഡം സാംപ്ലിംഗ് നടത്തി പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 33 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.09.2017 മുതൽ 19.09.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.സിന്ധു.പി.എസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.മുഹമ്മദ് സലിം.എ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സ്വപ്ന.ആർ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.വിനുകുമാർ.പി.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സുജിത്.എസ്.കുറുപ്പ് | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.കെ.വി.സുരേഷ് | 01.04.2016മുതൽ 14.07.2016 വരെ |
| | ശ്രീ.ഷാജി | 14.07.2016 മുതൽ 17.11.2016 |

| | | |
|---|---|---|
| | | വരെ |
| | ശ്രീ.മുഹമ്മദ് ഷെരീഫ് (ചാർജ്) | 18.11.2016 മുതൽ 18.12.2016 വരെ |
| | എസ്.പ്രസന്നൻ | 19.12.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, എ-സർക്കിൾ | ശ്രീ.ഹരികുമാർ | 01.04.2016മുതൽ 02.11.2016 വരെ |
| | ശ്രീ.ആനന്ദ് ശങ്കർ | 15.11.2016മുതൽ 31.03.2017 വരെ |
| വി.ഇ.ഒ, ബി-സർക്കിൾ | ശ്രീമതി.ചിത്ര.കെ.ആർ | 01.04.2016മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.എ.സലിം | 01.04.2016മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.വി.എൻ.ജയചന്ദ്രൻ | 01.04.2016മുതൽ 21.09.2016 വരെ |
| | ആർ.അനിൽകുമാർ | 21.09.2016മുതൽ 31.03.2017 വരെ |
| അസി.എഞ്ചിനീയർ | ശ്രീ.ജ്യോതിസ്.എസ് | 01.04.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.മേരിക്കുട്ടി | 1.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.എസ്.എൽ.ജാക്വലിൻ | 01.04.2016മുതൽ 11.08.2016 വരെ |
| | ശ്രീ.രാജ്കുമാർ | 11.08.2016മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.അനൂജ് | 01.04.2016മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ശശികലാദേവി | 01.04.2016മുതൽ 22.02.2017വരെ |
| | ശ്രീമതി.അമീന.എൻ | 22.02.2017മുതൽ 31.03.2017 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.എം.മുഹമ്മദ് ഷെരീഫ് | 01.04.2016മുതൽ 31.03.2017 വരെ |

<u>ഉള്ളടക്കം</u>



| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 |
| 4 | സാമ്പത്തിക വിശകലനം | 1.4 |
| 5 | ഫണ്ട് വിനിയോഗം | 1.5 |
| 6 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1.6 |
| 7 | പദ്ധതി അവലോകനം | 1.7 |
| 8 | തനത് വരുമാനം | 1.8 |
| 9 | ക്ഷേമപദ്ധതികൾ | 1.9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1.10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1.11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.12 |
| | ഭാഗം - 2 | |
| 13 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ് | 2.1 |

| | | |
|---|---|---|
| 14 | ഡി.ആന്റ് ഒ. ലൈസൻസ് ഫീ- പുതുക്കുന്നതിലെ അപാകതകൾ | 2-2 |
| 15 | നികുതി-നികുതിയേതര ഇനങ്ങളിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ വീഴ്ച-പഞ്ചായത്തിന്റെ തനത് വരുമാനത്തെ ബാധിക്കുന്നു | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ | 2-4 |
| 17 | വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലംനഷ്ടം | 2-5 |
| 18 | മാർക്കറ്റ് ലേലം - അപാകതകൾ | 2.6 |
| 19 | തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിലെ അപാകതകൾ | 2.7 |
| 20 | പരസ്യ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 2.8 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെ വാടക ഈടാക്കുന്നില്ല | 2.9 |
| | ഭാഗം - 3 | |
| 22 | ബജറ്റ് അംഗീകാരം ലഭിക്കാതെ ചെലവ് നടത്തി - 25,69,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-1 |
| 23 | പദ്ധതിപ്പണം നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിൽ - തുക തിരികെ ഒടുക്കേണ്ടതാണ് | 3-2 |
| 24 | വികലാംഗർക്ക് പെട്ടിക്കട – പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല | 3-3 |

| | | |
|---|---|---|
| 25 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-4 |
| 26 | മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല | 3-5 |
| 27 | ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല | 3-6 |
| 28 | പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം | 3-7 |
| 29 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അവലോകനം | 3-8 |
| 30 | മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജും കരാറുകാരന്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകുന്നു. ചെലവ് അധികരിക്കുന്നു | 3-9 |
| 31 | *റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് അധിക ആനുകൂല്യം നൽകി - പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവ് നിയന്ത്രിക്കണം* | 3-10 |
| 32 | *മെയിന്റനൻസ് ഫണ്ട് (റോഡ്സ്) ഉപയോഗിച്ച് റോഡുകളുടെ നിർമാണപ്രവൃത്തികൾ നടത്തി* | 3-11 |
| 33 | *നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദേശം പാലിക്കുന്നില്ല.* | 3-12 |
| 34 | തെരുവുവിളക്ക്, ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണികളിലെ അപാകതകൾ | 3-13 |
| 35 | പദ്ധതി രൂപീകരിക്കുന്നതിന് മുൻപേ പ്രവൃത്തിയുടെ നിർവ്വഹണം- പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധം | 3-14 |

| | | |
|---|---|---|
| | | |
| 36 | ചെലവ് രേഖകൾ ലഭ്യമാക്കിയില്ല 4,40,000/-രൂപ തടസ്സപ്പെടുത്തുന്നു | 3-15 |
| 37 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-16 |
| | ഭാഗം - 4 | |
| 38 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം(ഉണ്ടെങ്കിൽ) | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്(ഉണ്ടെങ്കിൽ) | 4-3 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികളുടെ വിശദാംശം | 4-7 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് 23/08/2016തീയതിയിലെ 1-ാം നമ്പർ തീരുമാന

പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 234931787/- രൂപയും ചെലവ് 230939517/-രൂപയും നീക്കിയിരിപ്പ് 3992270/- രൂപയും ആണ്. എന്നാൽ യഥാർത്ഥ വരവ് 64498406/- രൂപയും, ചെലവ് 56619974/-രൂപയും, ചെലവ്നീക്കിയിരിപ്പ് 35726119/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 21.07.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 14.09.2017 | - |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 27847687 |
| വരവ് | 64498406 |
| ആകെ | 92346093 |
| ചെലവ് | 56619974 |
| നീക്കിയിരിപ്പ് | 35726119 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10473826 | 10473826 | 10473826 | 0 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 4493005 | 4493005 | 4493005 | 0 |
| Joint venture a/c (block share) | 0 | 50000 | 50000 | 50000 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5448235 | 5448235 | 5448235 | 0 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 0 | 2521167 | 2521167 | 2521167 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5111081 | 5111081 | 5111081 | 0 |
| ലോകബാങ്ക് ധന സഹായം (സെൻട്രൽ) | 0 | 3042653 | 3042653 | 3042653 | 0 |
| ലോകബാങ്ക് ധനസഹായം (സ്റ്റേറ്റ്) | 0 | 547194 | 547194 | 547194 | 0 |
| എം.എൻ.ആർ.ഇ.ജി. എസ്. | 2323 | 861642 | 863965 | 862668 | 1297 |
| എം.എൻ.ആർ.ഇ.ജി. എസ്.* | 0 | 31526092 | 31526092 | 31526092 | 0 |
| SSA ((A/c no. 1753481984 Central Bank, Venjaramoodu) | 560988 | 28542 ( Interest) | 589530 | 0 | 589530 |
| സാക്ഷരത (A/c no. 57055592084 SBI, Venjaramoodu) | 2605 | 26549 | 29154 | 25400 | 3754 |
| ബി ഫണ്ട് | 0 | 906132 | 906132 | 906132 | 0 |
| ബി ഫണ്ട് (DBT)** | 0 | 44197500 | 44197500 | 44197500 | 0 |
| STSB7(തനത്) | 13304971 | 8825458 | 22130429 | 10376530 | 11753899 |
| തനത് ഫണ്ട് (Central Bank) | 13960263 | 22162922 | 36123185 | 12755583 | 23367602 |
| President's distress fund | 16537 | 0 | 16537 | 6500 | 10037 |
| ആകെ | 27847687 | 64498406 | 92346093 | 56619974 | 35726119 |

* എം.എൻ.ആർ. ഇ. ജി. എസ് കേന്ദ്രവിഹിതം (ആകെവരവ്-ചെലവിൽ ഉൾപ്പെട്ടിട്ടില്ല.)

**ബി ഫണ്ട് (DBT)

## 1-6 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1. സഞ്ചയ-സാംഖ്യ ഇന്റഗ്രേഷൻ - വസ്തു നികുതി സഞ്ചയ-സാംഖ്യ ഡിസിബി പൊരുത്തപ്പെടുന്നില്ല.

*സാംഖ്യ RP 43 ഷെഡ്യൂൾ പ്രകാരമുള്ള വരവ്*

| head of account | Item | Amount |
|---|---|---|

| | | |
|---|---|---|
| 431100101 | Residential buiding-current | 3009510 |
| 431100102 | Residential building -arrear | 1382340 |
| ,, 103 | Nonresidential building-current | 1254875 |
| ,, 104 | Nonresidential building-arrear | 554075 |
| Total | | 6200800 |

സഞ്ചയ ഡിസിബി പത്രിക പ്രകാരം (2016-17) വരവ്

| Property tax | Demand | Collection | Balance |
|---|---|---|---|
| Arrear | 9115326 | 2114758 | 7170056 |
| Current | 7043030 | 2642584 | 4315122 |

ധനകാര്യ പത്രിക പ്രകാരമുള്ള (2016-17) വരവ്

| Property tax | Demand | Collection | Balance |
|---|---|---|---|
| | 6695642 | 6200800 | 4557354 |

മേൽപ്പറഞ്ഞ പ്രകാരം വസ്തു നികുതിയുടെ current-arrear തുക ഡി.സി.ബി. വ്യത്യാസപ്പെട്ടിരിക്കുന്നു. സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയായി എന്ന് പഞ്ചായത്ത് അവകാശപ്പെടുന്നുണ്ടെങ്കിലും അവയുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല.

2. B-4 ഷെഡ്യൂൾ പ്രകാരം ഗുണഭോക്തൃ വിഹിതമായി 265579/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഗുണഭോക്തൃ വിഹിതം മുഴുവനായി ചെലവഴിച്ചിട്ടുണ്ട്.
3. ധനകാര്യ പത്രിക പ്രകാരം സാക്ഷരതാ ഹെഡിൽ 17400/-രൂപയാണ് ചെലവ്. എന്നാൽ പാസ്ബുക്ക് പ്രകാരം പ്രസ്തുത ചെലവ് 25400/- രൂപയാണ്.
4. ബി- ഫണ്ട് ഇനത്തിൽ RP-7 മുഖേന വരവില്ലാത്ത ഇനങ്ങൾക്ക് RP-19 പ്രകാരം ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാ. പൊതു വിദ്യാഭ്യാസം 2000, ആയുർവേദം. 5000
5. ആകെ Assets and Liabilities വാല്യു ചെയ്ത് എഴുതിയിട്ടില്ല

# 1-7 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാ | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കി | നടപ്പാ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | ക്കിയത് (എണ്ണം) | | യത് (എണ്ണം) | ക്കാത്തവ (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 139 | 98741995 | 64 | 34153359 | 20 | 55 | 46 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

## 1-8 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| *നികുതി വരവുകൾ* | | | | |
| തൊഴിൽ നികുതി | 4080480 | 4728423 | 647943 | +13 |
| കെട്ടിട നികുതി | 4564509 | 6200800 | 1636291 | (+)26 |
| പരസ്യ നികുതി | 23000 | 23000 | - | - |
| വിനോദ നികുതി | 26342 | 10050 | 16292 | -162 |
| *നികുതിയേതര വരവുകൾ* | | | | |
| ലേലം | 675000 | 413590 | 261410 | -63 |
| ഷോപ്പിംഗ് കോംപ്ലക്സ് | 2415843 | 2413608 | 2235 | -2 |
| മറ്റ് വരവുകൾ | 1538069 | 5170092 | 3632023 | +70 |
| ഡി ആന്റ് ഓ ലൈസൻസ് | 224730 | 238300 | 13570 | -6 |
| ആകെ | 13547973 | 19197863 | 5649890 | 29 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| | തുക | |
| തൊഴിൽരഹിത വേതനം | 713400 | 804 |
| കർഷകതൊഴിലാളി പെൻഷൻ | 3494720 | 413 |
| വിധവാപെൻഷൻ | 13816920 | 1440 |
| വാർദ്ധക്യകാലപെൻഷൻ | 23268890 | 2347 |
| വികലാംഗപെൻഷൻ | 3109630 | 341 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 6 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം | 507340 | 53 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

11.09.2017 ലെ ആകെ വരവ് തുക അന്നേ ദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയതിനാൽ 13.09.2017 ൽ ക്യാഷ് ബാലൻസ് ഇല്ലായിരുന്നു.

## 1-11 ആഭ്യന്തരനിയന്ത്രണം.

വിവിധ പദ്ധതികൾക്കായി വലിയ തുകകൾ ബജറ്റിൽ വകയിരുത്തുന്നുണ്ടെങ്കിലും, ആനുപാതികമായി പദ്ധതികൾ രൂപീകരിക്കുകയോചെലവ് നടത്തുകയോചെയ്യുന്നില്ല. ഉദാ: തെരുവ് വിളക്ക് മെയിന്റനൻസ്, ആശ്രയ എന്നീ പദ്ധതികൾക്ക് യഥാക്രമം 15,00,000/-, 10,00,000/- ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ തെരുവ് വിളക്ക് മെയിന്റനൻസ് പദ്ധതിക്ക് കേവലം 72,450/- രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

*1995 ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം ചട്ടങ്ങൾ) പാലിക്കുന്നതിൽ അലംഭാവം.*

ജനറൽ കമ്മിറ്റിയുടെ മിനിട്സ് (27.2.2017) നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. 13.03.2017-ലെ മിനിട്സ് രേഖപ്പെടുത്തിയ ശേഷം 144പേജുകൾ ഒഴിവാക്കി പുതിയ രജിസ്റ്ററിൽ 21.03.2017-ലെ മിനിട്സ് രേഖപ്പെടുത്തിയിരിക്കുന്നു. 2015-16 ഓഡിറ്റ് റിപ്പോർട്ടിലും മിനിട്സ് പരിപാലനം സംബന്ധിച്ച് പരാമർശം ഉണ്ടായിട്ടും, ഈ വിഷയത്തിൽ പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധ പതിഞ്ഞിട്ടില്ല. 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് തയാറാക്കിയതിലും, നിർവഹണത്തിലും വ്യതിയാനം സംഭവിച്ചു.

ഓരോ പ്രോജക്ടുകൾക്കും ഒരു മോണിട്ടറിംഗ് സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. വിവിധ വിഷയങ്ങൾ സംബന്ധിച്ച മോണിട്ടറിംഗ് അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പ് തന്നെയാണ് മോണിട്ടറിംഗ് കമ്മിറ്റിയായി രൂപാന്തരപ്പെടേണ്ടതും മോണിട്ടറിംഗ് നടത്തേണ്ടതും. പ്രസ്തുത സർക്കാർ നിർദ്ദേശം ഇവിടെ പാലിച്ചിട്ടില്ല.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.07.2017 | 01.05.2017 മുതൽ 31.06.2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.04.2014 | 2009-10മുതൽ 2013-14 വരെ | 08.07.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 71380/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ (എം.എസ്)318/2013 /ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ

എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം | ആകെ |
|---|---|---|---|---|---|
| 1 | 70/17 | വാഴ് വേലിക്കോണം കുന്നുംപുറത്ത് തടം പുനരുദ്ധാരണം | 1680 | 3 | 5040 |
| 2 | 74/17 | പൂവണത്തുംമൂട് സ്കൂൾ മെയിന്റനൻസ് | 2100 | 4 | 8400 |
| 3 | 76/17 | കാടിക്കുഴി കൈതറക്കുഴി റോഡ് പുനരുദ്ധാരണം | 2630 | 2 | 5260 |
| 4 | 85/17 | തണ്ട്രാം പൊയ്ക ഏറത്തുഭാഗം റോഡ് പുനരുദ്ധാരണം | 2100 | 2 | 4200 |
| 5 | 87/17 | വിവിധ അംഗൻവാടികളുടെ മെയിന്റനൻസ് | 1160 | 2 | 2320 |
| 6 | 98/17 | ആലന്തറ സ്കൂൾ പേയ്ക്കാവിള റോഡ് പുനരുദ്ധാരണം | 1470 | 3 | 4410 |
| 7 | 101/17 | വെട്ടുവിള റോഡ് പുനരുദ്ധാരണം | 1890 | 2 | 3780 |
| 8 | 112/17 | കെ.എസ്.ആർ.ടി.സി വർക്ക് ഷോപ്പ് മക്കാംകോണം റോഡ് പുനരുദ്ധാരണം | 2630 | 5 | 13150 |

| | | | | | |
|---|---|---|---|---|---|
| 9 | 114/17 | ത്രിവേണി ജംഗ്ഷൻ മുത്രർക്കോണം റോഡ് പുനരുദ്ധാരണം | 2630 | 2 | 5260 |
| 10 | 83/17 | മുക്കുന്നൂർ പുളുർ റോഡ് പുനരുദ്ധാരണം | 1680 | 2 | 3360 |
| 11 | 107/17 | മുളവെട്ടുപറമ്പ് വെളുത്തപാറ റോഡ് പുനരുദ്ധാരണം | 2000 | 1 | 2000 |
| 12 | 110/17 | തണ്ട്രാം പൊയ്ക അയിലൂർക്കോണം റോഡ് പുനരുദ്ധാരണം | 2630 | 4 | 10520 |
| 13 | 115/15 | പരമേശ്വരം ക്ഷേത്രം റോഡ് പുനരുദ്ധാരണം | 1580 | 1 | 1580 |
| 14 | 137/17 | വെട്ടുവിള അംഗൻവാടി കെട്ടിട നിർമ്മാണം | 2100 | 1 | 2100 |
| ആകെ | | | | | 71380 |

പ്രസ്തുത തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി.ആന്റ് ഒ. ലൈസൻസ് ഫീ - പുതുക്കുന്നതിലെ അപാകതകൾ

1. 2016-17 സാമ്പത്തിക വർഷം 16 വാർഡുകളിലായി 574 സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 520 സ്ഥാപനങ്ങൾക്ക് മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ. 53 സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.18) ന് നൽകിയ മറുപടിയിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചിട്ടും തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.
2. കേരള പഞ്ചായത്ത് രാജ് (ഡി & ഒ ലൈസൻസ് നൽകൽ ചട്ടങ്ങൾ ) ചട്ടം 10-പ്രകാരം സാമ്പത്തിക വർഷാരംഭത്തിന് മുൻപ് പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വ്യാപാര സ്ഥാപനങ്ങളും ഡി &ഒ ലൈസൻസ് പുതുക്കേണ്ടതാണ്. എന്നാൽ ശ്രീകുമാർ.പി, ആഞ്ജനേയം, വർഷലൈൻ, വയ്യേറ്റ്, വെഞ്ഞാറമൂട് എന്ന വ്യക്തി നടത്തുന്ന ഓഫീസ് കം സെയിൽസ് കൗണ്ടർ, സ്റ്റാർലൈറ എന്ന സ്ഥാപനം 2016-17 വർഷം ലൈസൻസ് പുതുക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(18) മറുപടിയായി, 2017-18 വർഷം ലൈസൻസ് പുതുക്കാൻ അപേക്ഷ നൽകിയപ്പോൾ 2016-17 ലെ കുടിശ്ശിക ഈടാക്കുന്നതിന് അറിയിപ്പ് നല്കിയതായി

പറഞ്ഞിരിക്കുന്നു. 2016-17 മുതലുള്ള ലൈസൻസ് പുതുക്കാതെയാണ് നാളിതുവരെയായയി സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. തോമസ്.ജെ.ചെറുകര, വെല്ലിംഗ്ടൺ ബംഗ്ലാവ്, തേവര, കൊച്ചി (CBC Motors-Two wheeler sales and service), ബൈജുകുട്ടൻ നായർ.ബി.ആർ, ബംഗ്ലാവിൽ വീട്, കീഴായിക്കോണം (B.R.Hardware) എന്നീ വ്യക്തികൾ 2015-16 വർഷം ലൈസൻസ് ഫീസിനത്തിൽ 2000/-രൂപ വീതം ഒടുക്കിയിട്ടുണ്ട്. എന്നാൽ 2016-17 വർഷം പ്രസ്തുത വ്യക്തികളിൽ നിന്ന് യഥാക്രമം 1000/-രൂപ, 300/- രൂപ. എന്നിങ്ങനെ മാത്രമേ ഈടാക്കിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടിയായി കുടിശ്ശിക ഒടുക്കുന്നതിനായി അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് പറഞ്ഞിരിക്കുന്നു. ലൈസൻസ് ഫീ ഈടാക്കുന്നതിൽ കുറവ് വന്ന തുക കുടിശ്ശികയായി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാവിയിൽ മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 നികുതി-നികുതിയേതര ഇനങ്ങളിൽ കുടിശ്ശികപിരിച്ചെടുക്കുന്നതിൽ വീഴ്ച- പഞ്ചായത്തിന്റെ തനത് വരുമാനത്തെ ബാധിക്കുന്നു.

2016-17 സാമ്പത്തിക വർഷം, വസ്തു നികുതി, പരസ്യനികുതി, ഷോപ്പിംഗ് കോംപ്ലക്സ് വാടക, ലേലം തുടങ്ങിയ ഇനങ്ങളിലെ ഭീമമായ തുക കുടിശ്ശികയായി പിരിച്ചെടുക്കാൻ ബാക്കിനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | കുടിശ്ശിക |
|---|---|---|
| 1 | വസ്തു നികുതി | 4557354 |
| 2 | പരസ്യനികുതി | 94500 |
| 3 | ലേലം | 22500 |
| 4 | ഷോപ്പിംഗ് കോംപ്ലക്സ് വാടക | 804307 |
| ആകെ | | 5478661 |

ഈ ഇനങ്ങളിൽ പിരിച്ചെടുക്കാൻ ബാക്കിയുള്ള 5478661/-രൂപ പിരിച്ചെടുക്കാനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുകയും, തുടർനടപടിവിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 2-4 ബിൽഡിംഗ് പെർമിറ്റ്- അപാകതകൾ

*i) ക്രമവൽക്കരണം രജിസ്റ്റർ സൂക്ഷിക്കുന്നില്ല.*

2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ, 137(3) അനുസരിച്ച് കെട്ടിടങ്ങളുടെ ക്രമ വൽക്കരണം സംബന്ധിച്ച വിവരങ്ങൾ Appendix J ഫോമിൽ, സെക്രട്ടറി രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.30) ന് നൽകിയ മറുപടിയിൽ പ്രസ്തുത രജിസ്റ്റർ സൂക്ഷിക്കുന്നില്ല എന്ന് മറുപടി നൽകിയിരിക്കുന്നു. ചട്ടം അനുസരിച്ചുള്ള പ്രസ്തുത രജിസ്റ്റർ അടിയന്തിരമായി ആരംഭിക്കേണ്ടതും, കാലികമായ മാറ്റങ്ങൾ വരുത്തി സൂക്ഷിക്കേണ്ടതും ആണ്.

*ii) പെർമിറ്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല*

പഞ്ചായത്തിലെ പെർമിറ്റ് രജിസ്റ്ററുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്. നിരസിക്കുന്ന അപേക്ഷകളുടെ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്.

## 2-5 വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിച്ച തുകയുടെ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം നഷ്ടം.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. നെല്ലനാട് ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി 123816/- രൂപ ഈടാക്കി കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിലേക്ക് ഒടുക്ക് വരുത്തിയിരുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പ്രവർത്തിയുടെ പേര് | കോൺട്രാക്ടർ/കൺവീനർ | ഒടുക്കിയ തുക | ട്രഷറി |
|---|---|---|---|---|
| 1 | കൊക്കോട്ടുകോണം വയ്യേറ്റ് റോഡ് പുനരുദ്ധാരണം | ശശിധരൻ പിള്ള | 3835 | സബ് ട്രഷറി, നെടുമങ്ങാട് |
| 2 | കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പ് മക്കാംകോണം റോഡ് പുനരുദ്ധാരണം | സഹദേവൻ.ആർ | 10546 | |
| 3 | പൂവണത്തുംമൂട് സ്കൂൾ മെയിന്റനൻസ് | ഷിബു കുമാർ.എസ്.എസ്. | 5677 | |
| 4 | ആലന്തറ അംഗൻവാടി റോഡ് പുനരുദ്ധാരണം | രേവതി സനൽ | 4933 | |
| 5 | വാഴ്വേലിക്കോണം കുന്നുംപുറത്ത് തടം പുനരുദ്ധാരണം | രത്നാകരൻ.പി | 5559 | |
| 6 | കണ്ണൻകോട് പുന്നറ റോഡ് | ജയകുമാർ.സി | 2522 | |

| | | | |
|---|---|---|---|
| | പുനരുദ്ധാരണം | | |
| 7 | കണ്ണൻകോട് കൊക്കോട്ടുകോണം റോഡ് പുനരുദ്ധാരണം | സുകുമാരൻ നായർ.എസ്. | 4965 |
| 8 | ശാലിനി ഭവൻ മടത്തുവിളാകം റോഡ് പുനരുദ്ധാരണം | സുരേഷ് കുമാർ.എസ്. | 2302 |
| 9 | ഉല്ലാസ് നഗർ കോട്ടുകുന്നം റോഡ് പുനരുദ്ധാരണം | പി.സുമതി. | 4946 |
| 10 | മാമൂട് കുന്നത്തുവിള റോഡ് പുനരുദ്ധാരണം | സുന്ദരേശൻ.ജി. | 3883 |
| 11 | വലിയകട്ടക്കാൽ പരുത്തിക്കുന്ന് വിള റോഡ് പുനരുദ്ധാരണം | വിജയൻ.പി. | 2932 |
| 12 | ആലന്തറ സ്കൂൾ പേയ്ക്കാവിള റോഡ് പുനരുദ്ധാരണം | രത്നാകരൻ.പി | 4718 |
| 13 | കൊക്കോട്ടുകോണം ചാത്തൻപറ റോഡ് കോൺക്രീറ്റിംഗ് | വാമദേവൻ പിള്ള | 3287 |
| 14 | വെഞ്ഞാറമൂട് ചിറത്തലയ്ക്കൽ റോഡ് പുനരുദ്ധാരണം | അരുൺ വിശാഖ്.ജി | 2992 |
| 15 | വിവിധ അംഗൻവാടികളുടെ | സുരേഷ് കുമാർ.ജി. | 4121 |

| | | | | |
|---|---|---|---|---|
| | മെയിന്റ നൻസ് (അംഗൻവാടി നം.46, 41, 47, 39) | | | |
| 16 | ഗണപതിയാംകാട് ക്ഷേത്രം റോഡ് പുനരുദ്ധാരണം | ഉണ്ണികൃഷ്ണൻ നായർ.ജി. | 2620 | |
| 17 | മക്കാംകോണം വടക്കനാട് റോഡ് പുനരുദ്ധാരണം | ദിലീപ്.എ. | 2979 | |
| 18 | വെഞ്ഞാറമൂട് ബസ് സ്റ്റാൻഡിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മാണം | സുരേന്ദ്രൻ ആശാരി.വി | 4383 | |
| 19 | വലിയ കട്ടക്കാൽ ചെമ്പിട്ടവിള റോഡ് പുനരുദ്ധാരണം | ലിനു നളിനാക്ഷൻ | 2000 | |
| 20 | ദീപാ നഗർ മുരുർക്കോണം റോഡ് പുനരുദ്ധാരണം | ദിലീപ്.കെ.എസ്. | 3990 | സബ് ട്രഷറി, നെടുമങ്ങാട് |
| 21 | ത്രിവേണി ജംഗ്ഷൻ പുലിച്ചാണി റോഡ് പുനരുദ്ധാരണം | വിക്രമ കുറുപ്പ്.എം. | 2186 | |
| 22 | വെഞ്ഞാറമൂട് മാർക്കറ്റ് നവീകരണം | ഷീലാദേവി | 2729 | |
| 23 | പാലത്തറ ഇടയാവണത്തുമഠം റോഡ് പുനരുദ്ധാരണം | പാർത്ഥൻ.കെ | 4330 | |

| | | | | |
|---|---|---|---|---|
| 24 | പള്ളിവിള അംഗൻവാടി കെട്ടിട നിർമ്മാണം | രത്നാകരൻ.പി. | 4386 | |
| 25 | പഞ്ചായത്ത് ഓഫീസ് നവീകരണം രണ്ടാംഘട്ടം. | ഷിബു കുമാർ.എസ്.എസ്. | 26995 | |
| | ആകെ | | 123816 | |

എന്നാൽ മേൽ പറഞ്ഞ നിയമത്തിലെ വകുപ്പ് 3(3) അനുസരിച്ച് പ്രസ്തുത തുകയിൽനിന്ന് 843/- രൂപ കുറച്ച് ബാക്കി വെൽഫയർ ഫണ്ടിലേക്ക് ഒടുക്കിയാൽ മതിയായിരുന്നു.

കളക്ഷൻ ചാർജ് ഈടാക്കാത്തത് കാരണം പഞ്ചായത്തിന് നഷ്ടമുണ്ടാകുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്

## 2-6 മാർക്കറ്റ് ലേലം - അപാകതകൾ

*i) മാർക്കറ്റ് ലേലം-കുടിശ്ശിക നിവാരണത്തിനായി പഞ്ചായത്ത് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

2016-17 സാമ്പത്തിക വർഷം നെല്ലനാട് ഗ്രാമ പഞ്ചായത്തിലെ വെഞ്ഞാറമൂട് പബ്ലിക്ക് മാർക്കറ്റ്, ശ്രീ.അരുൺദേവ്, അരുണിമൽ, വയ്യേറ്റ് എന്ന വ്യക്തിക്ക് 5,51,000/-രൂപക്ക് ലേലം നൽകുകയുണ്ടായി. കരാർ ഉറപ്പിക്കുമ്പോൾ കരാർ തുകയുടെ 1/4 ഉം, ബാക്കി തുക 2016 ജൂൺ 30, സെപ്റ്റംബർ 30, ഡിസംബർ 30 എന്നിങ്ങനെ 3 തവണകളായി അടക്കണമെന്നാണ് ലേല വ്യവസ്ഥ (നം.5)യിൽ പറഞ്ഞിരിക്കുന്നു. എന്നാൽ പല തവണകളിലായി ആകെ 4,69,000/- രൂപയുടെ അടവ് മാത്രമേ വന്നിട്ടുള്ളൂ. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | രസീത് നം/തീയതി | തുക |
|---|---|---|
| 1 | 1160100554/05.04.2016 | 25000/- |
| 2 | 11601100588/15.04.2016 | 2,00,000/- |
| 3 | 1160110610/16.01.2017 | 74000/- |
| 4 | 1160110657/07.02.2017 | 1,00,000/- |
| 5 | 117010103726/14.09.2017 | 70,000/- |

| | | |
|---|---|---|
| | ആകെ | 469000 |

അടവാക്കാൻ ബാക്കിയുള്ള 82,000/- രൂപ പിഴപ്പലിശയടക്കം അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ii) സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയില്ല

മാർക്കറ്റ് ലേലം കൊള്ളുന്നയാൾ കരാർ ഉറപ്പിക്കുന്ന സമയത്ത് മുഴുവൻ തുക ഒടുക്കാതെ തവണ വ്യവസ്ഥയിൽ കരാർ വയ്ക്കുകയാണെങ്കിൽ ലേല വ്യവസ്ഥയിലെ 7-ാം നിബന്ധന പ്രകാരം സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ 2016-17 വർഷം ലേലം കൊണ്ട ശ്രീ.അരുൺദേവിൽ നിന്ന് ഇപ്രകാരം സോൾവൻസി സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല. ഇത് അംഗീകരിക്കാവുന്നതല്ല. വരും വർഷങ്ങളിൽ പ്രസ്തുത വിഷയം ശ്രദ്ധിക്കേണ്ടതാണ്.

## 2-7 തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങൾ, ചട്ടം 4എന്നിവ അനുസരിച്ച് ഗ്രാമപഞ്ചായത്ത് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ഓരോ അർദ്ധവർഷവും തൊഴിൽനികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപന ങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

*(എ) തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ*

| | | |
|---|---|---|
| 1 | ഭാരത് പെട്രോളിയം, കീഴായിക്കോണം | 2016-17 രണ്ടാം അർദ്ധവർഷം |
| 2 | നിർമൽ ഇൻഡേയ്ൻ, വെഞ്ഞാറമൂട് | 2016-17 രണ്ടാം അർദ്ധവർഷം |
| 3 | ഗ്രേറ്റ് ഹോണ്ട ഫെസ്റ്റ് | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 4 | സെക്രട്ടറി നെല്ലനാട് ക്ഷീരോല്പാദന സഹകരണ സംഘം | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 5 | സെക്രട്ടറി പാലത്തറ ക്ഷീരോല്പാദന സഹകരണ സംഘം, വെഞ്ഞാറമൂട് | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |
| 6 | നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽസ്, വെഞ്ഞാറമൂട് | 2016-17 ഒന്ന്, രണ്ട് അർദ്ധവർഷങ്ങൾ |

| | | |
|---|---|---|

*(ബി) സ്ഥാപന നികുതിയും തൊഴിൽ നികുതിയും അടവാക്കാത്ത സ്ഥാപനങ്ങൾ*

| | |
|---|---|
| 1 | വെഞ്ഞാറമൂട് ഹൗസിംഗ് സഹകരണ സംഘം |
| 2 | വലിയകടക്കൽ വനിതാ സഹകരണ സംഘം |
| 3 | വെഞ്ഞാറമൂട് റൂറൽ സഹകരണ സംഘം |
| 4 | പ്രിയദർശിനി റൂറൽ സഹകരണ സംഘം |
| 5 | ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ സഹകരണ സംഘം |
| 6 | മടത്തറ റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ/വ്യക്തികളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-8 പരസ്യ നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

1. 2015-16 വർഷത്തെ പരസ്യ നികുതി കുടിശ്ശിക 47000/-രൂപയാണ്. എന്നാൽ നാളിതുവരെ കുടിശ്ശിക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പി(നം.21)ന് നൽകിയ മറുപടിയിൽ കരാറുകാരന് നോട്ടീസ് നൽകിയിട്ടുണ്ടെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ സാമ്പത്തിക വർഷം പിന്നിട്ടിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. പ്രസ്തുത കുടിശ്ശിക ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. 2016-17 വർഷം ബിന്ദു, കൃഷ്ണഗുഡി, താളിക്കുഴി എന്ന വ്യക്തിക്ക് 70500/-രൂപയ്ക്ക് ലേലം നൽകി പരസ്യ നികുതി കരാർ ഉറപ്പിച്ചു. എന്നാൽ 33000/-രൂപ മാത്രമേ അടവാക്കിയിട്ടുള്ളൂ എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ നിന്ന് ബോദ്ധ്യ പ്പെട്ടിട്ടുണ്ട്. അടവാക്കാൻ ബാക്കിയുള്ള 37500/-രൂപ ഈടാക്കുന്നതിനായി ലേല വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരനിൽ നിന്ന് തുക രേഖപ്പെടുത്താത്ത ഒരു ചെക്ക് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. ലേല വ്യവസ്ഥയിലെ നിബന്ധനകൾക്ക് വിരുദ്ധമായാണ് ലേലം ഉറപ്പിച്ചിട്ടുള്ളത്. മുൻ വർഷങ്ങളിലും സമാനമായ അനുഭവം ഉണ്ടായിട്ടും പരസ്യ നികുതി കരാർ ഉറപ്പിക്കുന്നതിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനും, ഭരണ സമിതിയും ജാഗ്രത പാലിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ലഭിക്കേണ്ട തുക പലിശ സഹിതം ലഭിക്കാത്ത സാഹചര്യമുണ്ടായാൽ സെക്രട്ടറിയുടെ ബാദ്ധ്യതയായി കണക്കാക്കുന്നതാണ്.

## 2-9 ഷോപ്പിംഗ് കോംപ്ലക്സ് കടമുറികളുടെവാടക ഈടാക്കുന്നില്ല

2016-17 സാമ്പത്തികവർഷം പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികളുടെ വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22) വാടക

ഈടാക്കാൻ നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് പറഞ്ഞിരിക്കുന്നു. വാടക കുടിശ്ശിക സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കടമുറി നം/പേര് | ലേലം കൊണ്ട വ്യക്തിയുടെ പേര് | മാസവാടക | കുടിശ്ശിക |
|---|---|---|---|---|
| 1 | SC-16 | ഡി.ബാബു | 3270 | 22890 |
| 2 | SC-21 | ദിലീപ് കുമാർ | 1604 | 12832 |
| 3 | Bunk-1 | എ.അബ്ദുൾ ഹറോത്ത് | 686 | 6174 |
| 4 | Bunk-6 | സാവിത്രി | 426 | 426 |
| 5 | BMS-7 | | 793 | 1586 |
| 6 | BMS-9 | സൈനുലാബ്ദീൻ | 793 | 6344 |
| 7 | NMS-5 | പിച്ചൃഅമ്മാൾ | 743 | 5944 |
| 8 | NMS-5 | ഭാസി | 2450 | 7350 |
| 9 | NMS-22 | ലളിത | 400 | 2400 |
| 10 | NMS-23 | രാധമ്മ | 400 | 2400 |
| 11 | NMS-37 | ബേബി.സി | 400 | 2800 |
| 12 | NMS-39 | അശോകൻ | 435 | 1305 |
| 13 | OPSP-2 | ശിവപ്രസാദ്.എസ് | 426 | 2982 |
| 14 | OPSP-3 | നിഹാസ് | 585 | 4095 |
| 15 | new NMS-2 | രാജ്ജ | 3000 | 12000 |
| 16 | new NMS-7 | റസൽ | 1155 | 6930 |
| 17 | New NMS-14 | ഇബ്രാഹിംകുഞ്ഞ് | 750 | 2250 |

| | | | | |
|---|---|---|---|---|
| 18 | New NMS-16 | ശിവപ്രസാദ് | 726 | 5082 |
| 19 | OMS-2 | തങ്കച്ചൻ | 2409 | 4818 |
| 20 | OMS-7 | മോഹൻദാസ് | 3710 | 22260 |

കുടിശ്ശിക ഉള്ളവർക്ക് നോട്ടീസ് നല്കി ഒഴിപ്പിക്കാൻ നടപടി എടുത്തിട്ടുണ്ടോ എന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം.22), പഞ്ചായത്ത് ഭരണസമിതിയുടെ 30.03.2017-ലെ സാധാരണ മീറ്റിംഗിലെ 3(3) നമ്പർ തീരുമാന പ്രകാരം ഷോപ്പിംഗ് കോംപ്ലക്സ് പുനരുദ്ധരിക്കാൻ തീരുമാനിച്ചതിനാൽ എഗ്രിമെന്റ് വയ്ക്കുകയോ, ഡെപ്പോസിറ്റ്, വാടക എന്നിവ ഈടാക്കുകയോ ചെയ്തിട്ടില്ല എന്നും, കുടിശ്ശികക്കാരെ ഒഴിപ്പിക്കാൻ അടുത്ത ഭരണ സമിതി യോഗത്തിൽ അജണ്ട വച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. എന്നാൽ 05.08.2017-ന് നടന്ന ഭരണസമിതി യോഗം നിലവിൽ കച്ചവടം ചെയ്യുന്നവർക്ക് 25%അധിക തുക ഈടാക്കി 2017-18 വർഷം കരാർ പുതുക്കാൻ തീരുമാനിച്ചിരിക്കുന്നു.

പ്രസ്തുതവിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും, ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്ന പ്രസ്തുത കടമുറികളുടെ വാടക കുടിശ്ശിക പിരിച്ചെടുക്കേണ്ടതാണ്.

## ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ബജറ്റ് അംഗീകാരം ലഭിക്കാതെ ചെലവ് നടത്തി - 25,69,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

1. കേരള പഞ്ചായത്ത് രാജ് സെക്ഷൻ 214 (5) പ്രകാരം ബജറ്റിൽ വകയിരുത്താത്ത/ അധികം ചെലവഴിച്ച തുകയ്ക്ക് സപ്ലിമെന്ററി/ റിവൈസ്ഡ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. വൗച്ചർ നം. 269/17.12.2016, 975/17.12.2016 എന്നിവ മുഖേന തനതു ഫണ്ടിൽ നിന്നും 25,69,200/- രൂപ പിൻവലിച്ച് 'Compensatory award' എന്ന ശീർഷകത്തിൽ ചെലവഴിച്ചിട്ടുണ്ട്. OS03/07നം. കേസുമായി ബന്ധപ്പെട്ടാണ് മേൽ തുക ചെലവഴിച്ച തെന്ന് ഫയലിൽ നിന്നും ബോധ്യപ്പെട്ടു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35നുള്ള മറുപടിയിൽ ഹൈക്കോടതിയിലെ decree പ്രകാരം കെട്ടിവച്ചതാണ് ടി തുകയെന്നും ആയതിന്റെ പകുതി എതിർകക്ഷി കൈപ്പറ്റിയിട്ടു ണ്ടെന്നുമാണ് മറുപടി ലഭിച്ചത്. എന്നാൽ പ്രസ്തുത ചെലവ് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അംഗീകാരപ്രകാരം തൻവർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. കേസ് ഫയലും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആകയാൽ പ്രസ്തുത തുകയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2. 2016-17 സാമ്പത്തികവർഷത്തെ ബജറ്റിൽ 2531011 Contribution towards SSA – SSA പദ്ധതിക്കുള്ള വിഹിതത്തിൽ 17,00,000/-രൂപ വകയിരുത്തി. എന്നാൽ തൻവർഷത്തെ ധനകാര്യപത്രിക പ്രകാരം 18,31,006/-രൂപ ചെലവു ചെയ്തിട്ടുണ്ട്.(251100601, 602 എന്നീ ശീർഷകങ്ങളിൽ). അധികം ചെലവഴിച്ച 1,31,006/- രൂപ നിയമാനുസരണം റിവൈസ്ഡ് ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 3-2 പദ്ധതിപ്പണം നിർവ്വഹണോദ്യോഗസ്ഥന്റെ അക്കൗണ്ടിൽ - തുക തിരികെ ഒടുക്കേണ്ടതാണ്

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുടെ പേരിലുള്ള 1753435085-ാം നം ആക്കൗണ്ടിൽ 31.03.2017-ൽ 119276.30 രൂപ നീക്കിയിരിപ്പുണ്ട്. ശുചിത്വമിഷനിൽ നിന്ന് ലഭിച്ചതും ഒ.ഡി.എഫ് പദ്ധതിക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ചതുമായ തുകയാണ് അക്കൗണ്ടിൽ ശേഷിക്കുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത തുക അതാത് ഫണ്ടുകളിലേക്ക് തിരികെ ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 വികലാംഗർക്ക് പെട്ടിക്കട – പദ്ധതി ലക്ഷ്യം കൈവരിക്കുന്നില്ല

പ്രോജക്റ്റ് നം. : SO139/17

നിർവ്വഹണോദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ചെലവ് : 1,00,000/-

ബിൽ നം. : 1/28.03.2017

50,000/- രൂപയിൽ താഴെ വരുമാനപരിധിയിലുള്ള, മുൻപ് ധനസഹായം ലഭിച്ചിട്ടില്ലാത്ത വികലാംഗർക്ക് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിന് സ്വയംതൊഴിലിനായി പെട്ടിക്കട തുടങ്ങുന്നതിന് ധനസഹായം നൽകാനുദ്ദേശിച്ചുള്ളതാണ് പ്രോജക്റ്റ്. പെട്ടിക്കടയുടെ പണി പൂർത്തിയാകുമ്പോൾ തുക കൈമാറുന്നു എന്നതൊഴിച്ച് ഒരു പ്രവർത്തനവും നടക്കുന്നില്ല. നിർവ്വഹണ രീതിയും തുടർന്നുള്ള അതിന്റെ നടത്തിപ്പും മോണിട്ടർ ചെയ്യേണ്ടതാണെന്ന് പദ്ധതിയിൽ നിഷ്കർഷിക്കുന്നുവെങ്കിലും മോണിട്ടറിംഗിനായുള്ള സാമൂഹ്യക്ഷേമ വർക്കിംഗ് ഗ്രൂപ്പ് ആയതിന് ഒരു പ്രാധാന്യവും നൽകിക്കാണുന്നില്ല. പെട്ടിക്കടകൾ ഗുണഭോക്താക്കൾ പദ്ധതിനിർദ്ദേശപ്രകാരം തന്നെ ഉപയോഗിക്കുന്നുണ്ടോ എന്നുറപ്പാക്കാൻ ഒരു ശ്രമവും മോണിട്ടറിംഗ് സമിതിയുടെ ഭാഗത്തുനിന്നുണ്ടായിട്ടില്ല.

ചെലവുവൗച്ചറുകൾ സൂക്ഷിക്കുന്നതിലും അപാകതയുണ്ട്. പെട്ടിക്കട നിർമ്മിക്കുന്നതിനുള്ള ഒരു എസ്റ്റിമേറ്റ് മാത്രമാണ് അപേക്ഷയോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്. സാധനങ്ങൾ വാങ്ങിയതിനുള്ള ബില്ലുകൾ, ജോലിക്കൂലി നൽകിയതിനുള്ള വൗച്ചറുകൾ എന്നിവ അപേക്ഷയോടൊപ്പം കൃത്യമായി സൂക്ഷിക്കേണ്ടതാണ്.

## 3-4 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ

(i) പ്രോജക്റ്റ് : SO081/17 – സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കെതിരെ ബോധവൽക്കരണം

പദ്ധതി അടങ്കൽ : 65,000/- രൂപ

ചെലവ് : 40,200/- രൂപ

ബിൽ നം/തീയതി : 4/ 31.03.2017

നെഹ്റു യുവകേന്ദ്രയുടെ കീഴിലുള്ള Anti-Tobacco Public Movement എന്ന സംഘടനയുടെ സഹായത്തോടെ വിദ്യാലയങ്ങളിൽ ലഹരിമരുന്നുകളുടെ ഉപയോഗത്തി നെതിരെ ബോധവൽക്കരണം നടത്തുന്നതിനാണ് വികസനഫണ്ടിൽ നിന്ന് 65,000/- രൂ വകയിരുത്തി പ്രസ്തുത ചെലവ്

നടത്തിയിട്ടുള്ളത്. ഫ്ലക്സ്, ബാനർ എന്നിവ കെട്ടുന്നതിനും ക്ലാസ്സുകൾ കൈകാര്യം ചെയ്തവർക്ക് ഹോണറേറിയം നൽകുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ബോധവൽക്കരണ പരിപാടികൾക്കായി വികസനഫണ്ട് ഉപയോഗിക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശം നിലവിലിരിക്കേ, ഇത്തരം പദ്ധതികൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

(ii) പ്രോജക്ട് : SO01/17 – പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ

ചെലവ് : 6,22,205/- രൂപ

ബിൽ നം/തീയതി : 2/23.02.2017

അർഹരായ പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്റ്റീൽ മേശയും കസേരയും വാങ്ങി നൽകാനുദ്ദേശിച്ചുള്ളതാണ് പ്രസ്തുത പ്രോജക്ട്. ഗ്രാമസഭയിൽ നിന്നുള്ള ഗുണഭോക്തൃ ലിസ്റ്റിനെ അടിസ്ഥാനമാക്കി ടെണ്ടർ നടപടികൾ കൈക്കൊള്ളുകയും മേശയും കസേരയും 157 എണ്ണം വീതം വാങ്ങുകയും ചെയ്തു. എന്നാൽ പദ്ധതിയുടെ ആനുകൂല്യം കൈപ്പറ്റുന്നതിന് 126 ഗുണഭോക്താക്കൾ മാത്രമാണ് നാളിതുവരെ എത്തിയിട്ടുള്ളത്. ശേഷിക്കുന്ന 31 എണ്ണം സ്കൂളിൽത്തന്നെ സൂക്ഷിക്കേണ്ട സാഹചര്യമാണ് ഇപ്പോഴുള്ളത്. ബന്ധപ്പെട്ട സ്കൂൾ അധികാരികളിൽ നിന്നും അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് വാങ്ങിയശേഷം ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നവെങ്കിൽ പൊതുപണം ഉപയോഗിച്ചുവാങ്ങിയ സാധനസാമഗ്രികൾ ആർക്കും ഉപയോഗമില്ലാതെ കൂട്ടിയിടേണ്ടി വരുന്ന അവസ്ഥ ഒഴിവാക്കാമായിരുന്നു. തുടർന്നും പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും പ്രത്യേകശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-5 മരുന്ന് വാങ്ങൽ പദ്ധതി -ചെലവ് തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം/പേര് | അടങ്കൽ തുക | ബിൽ നം തീയതി | നിർവഹണം |
|---|---|---|---|---|
| 1 | S0039/16-17<br>ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 8,00,000/-<br>(റോഡിതര സംരക്ഷണ ഗ്രാന്റ്) | 1/2016-17, 30.11.2016 | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 2 | S0040/16-17<br>ഹോമിയോ ഡിസ്പെൻ<br>സറിക്ക് മരുന്ന് വാങ്ങൽ | 2,00,000/-<br>(റോഡിതര സംരക്ഷണ ഗ്രാന്റ്) | 2 /2016-17, 1.12.2016 | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 3 | S0138/16-17<br>വൃദ്ധജനാരോഗ്യ സംരക്ഷണ പദ്ധതി | 3,75,000/-<br>റോഡിതര സംരക്ഷണ ഗ്രാന്റ്) | 3 /2016-17, 28.2.2017 | മെഡിക്കൽ ഓഫീസർ, ആയുർവേദം |

| | | | | |
|---|---|---|---|---|
| 4 | S0052/16-17 പാലിയേറ്റീവിന് കെയർ- മരുന്ന് വാങ്ങൽ | 543500/- (വികസന ഫണ്ട് + തനത് ഫണ്ട്) | 3/2016-17, 10.02.2017 | മെഡിക്കൽ ഓഫീസർ, (PHC) |
| 5 | S0140/16-17 പാലിയേറ്റീവിന് മരുന്ന് വാങ്ങൽ | 128000/- (വികസന ഫണ്ട്) | 5/2016-17, 28.03.2017 | മെഡിക്കൽ ഓഫീസർ, (PHC) |

1. മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ മേൽ പദ്ധതികളിൽ, ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം, പ്രോജക്ട് S0039/16-17- ലേയ്ക്കായി 8,00,000/-രൂപയും, പ്രോജക്ട് S0040/16-17 ലേയ്ക്കായി 2,00,00/- രൂപയും, പ്രോജക്ട് S0138/16-17- ലേയ്ക്കായി 3,50,000/- രൂപയും ആയുർവേദ മരുന്ന് വിതരണ സ്ഥാപനമായ ഔഷധിക്കും, ഹോമിയോ മരുന്ന് വിതരണ സ്ഥാപനമായ ഹോംകോക്കും കൈമാറിയിട്ടുണ്ട്. ആയതിൽ ക്രമ നം.1 പ്രകാരമുള്ള പ്രോജക്ടിന് 100102/- രൂപ, ക്രമ നം.3 പ്രകാരമുള്ള പ്രോജക്ടിന് 24263/-രൂപ എന്നീ തുകകളുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. കൂടാതെ ക്രമ നം.2 പ്രകാരമുള്ള പ്രോജക്ടിന് ഹോംകോയിൽ നിന്ന് മരുന്ന് മുഴുവനായി ലഭിക്കാനുണ്ട്.
2. മെഡിക്കൽ ഓഫീസർ, (PHC) നിർവഹണം നടത്തിയ പ്രോജക്ട് S0052/16-17 ന്- 20,947/- രൂപയുടേയും, പ്രോജക്ട് S0140/16-17ന് 1.28,000/-രൂപയുടേയും മരുന്ന്, വിതരണ സ്ഥാപനമായ KMSCL ൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നു.

അടച്ച തുകയ്ക്കുള്ള മുഴുവൻ മരുന്നും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (no 25),(no29) മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതി നടപ്പിലാക്കിയില്ല

2016-17സാമ്പത്തിക വർഷം നെല്ലനാട് ഗ്രാമ പഞ്ചായത്ത് ആശ്രയ പദ്ധതിക്കായി ബജറ്റിൽ 10,00,000/-രൂവകയിരുത്തിയിരുന്നെങ്കിലും, പദ്ധതി നടപ്പിലാക്കിയിട്ടില്ല. മുൻവർഷങ്ങളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ നിരാശ്രയരായ അഗതി കുടുംബങ്ങളെ കണ്ടെത്തുന്നതിനും പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിന്റെ പൊതു ധാരയിലേക്ക് എത്തിക്കുന്നതിനും ലക്ഷ്യം വച്ച് കുടുംബശ്രീ ആവിഷ്കരിച്ച് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. 12-ാം പദ്ധതി മാർഗ്ഗരേഖയിൽ ദാരിദ്ര്യ നിർമാർജ്ജന ഉപ പദ്ധതിയിൽ അഗതി കുടുംബങ്ങൾക്ക് വേണ്ടി ആശ്രയ എന്ന സ്പഷ്ടമായ പദ്ധതി ഉണ്ടായിരിക്കണം എന്നും, ആശ്രയ പദ്ധതി തയാറാക്കുക എന്നത് ഗ്രാമ പഞ്ചായത്തുകളുടെ ചുമതല ആണെന്നും നിഷ്കർഷിച്ചിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.4ന് ആശ്രയപദ്ധതിപ്രകാരം 2016-17ൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്.

ആശ്രയ പദ്ധതി നടപ്പിലാക്കാൻ കഴിയാതിരുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതും, വരും വർഷങ്ങളിൽ വീഴ്ച കൂടാതെ പദ്ധതി നടപ്പിലാക്കേണ്ടതും ആണ്.

## 3-7 പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം- അവലോകനം

പഞ്ചായത്തിലെ സോഫ്റ്റ് വെയറുകളുടെ പ്രവർത്തനം സംബന്ധിച്ച് നൽകിയ ഓഡിറ്റ്

അന്വേഷണക്കുറിപ്പി (നം.7)ന് ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന വിവരങ്ങൾ ചേർക്കുന്നു.

*1) സേവന സിവിൽ രജിസ്ട്രേഷൻ*

ജനന-മരണം - താമസിച്ചുള്ള രജിസ്ട്രേഷൻ ചെയ്യാൻ സാധിക്കില്ല. നിലവിൽ പ്രസ്തുത കേസുകൾ hardcopy file വഴിയാണ്ചെയ്യുന്നത്. Runtime error കൂടുതലായതിനാൽ ചെറിയ തെറ്റു പറ്റിയാൽപോലും ആദ്യം മുതൽ ചെയ്യേണ്ടി വരുന്നു.

*2) സേവന പെൻഷൻ*

പെൻഷൻ വിതരണം സത്യപ്രസ്താവന enter ചെയ്താണ് നിലവിൽ വിതരണം നടത്തുന്നത്. സത്യപ്രസ്താവന enter ചെയ്യുന്നതിന് സമയക്രമത്തിനുള്ളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് മാത്രമേ സാധിക്കുന്നുള്ളൂ. സൈറ്റ് ക്ലോസ് ചെയ്തതിന് ശേഷം ലഭിക്കുന്ന സത്യപ്രസ്താവനകൾ സമയബന്ധിതമായിചെയ്യുന്നതിനും, തെറ്റുകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്ന തിനും കഴിയുന്നില്ല.

*3) സചിത്ര*

സുലേഖയിൽ പദ്ധതി നിർവഹണംപൂർത്തിയാക്കുമ്പോൾ സചിത്ര വാലിഡേഷൻ കൂടി ചെക്കുചെയ്യാനുള്ള സംവിധാനം ഇല്ല.

*4) സാംഖ്യ*

ബജറ്റ് സാംഖ്യ ഹെഡിൽ തയാറാക്കിയിട്ടുണ്ടെങ്കിലും വരവ്-ചെലവ് വൗച്ചറുകളിൽ ബജറ്റ് വിഹിതം ആനുപാതികമായി ചേർത്തുവരുന്നില്ല.

*5) സങ്കേതം*

സോഫ്റ്റ്വെയർ പൂർണമായും ഇംഗ്ലീഷിലാണ്. മലയാളത്തിലാകുന്നത് സൗകര്യ പ്രദമായിരിക്കും.

## 3-8 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

2016-17 വർഷം 313 പദ്ധതികൾ ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്യുകയും 117 എണ്ണത്തിന് സാങ്കേതികാനുമതി ലഭ്യമാകുകയും ചെയ്തെങ്കിലും 80 പദ്ധതികൾ മാത്രമാണ് തൻവർഷം പൂർത്തീകരിക്കാൻ സാധിച്ചത്. ടി വർഷം ഗ്രാമപഞ്ചായത്തിൽ 6382 പേർക്ക് തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. മറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 2016-17സാമ്പത്തിക വർഷം തൊഴിൽ കാർഡ് എടുത്തവരുടെ എണ്ണം | 6382 |
| 2016-17 സാമ്പത്തിക വർഷം പദ്ധതിയുമായി സഹകരിച്ചവരുടെ എണ്ണം | 2096 |
| 2016-17 സാമ്പത്തികവർഷം തൊഴിൽ ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2096 |

| | |
|---|---|
| 100 ദിവസത്തേയ്ക്കുള്ള തൊഴിൽ ഒന്നിച്ച് ഡിമാന്റ് ചെയ്ത കുടുംബങ്ങളുടെ എണ്ണം | 0 |
| പഞ്ചായത്തിലെ അയൽക്കൂട്ടങ്ങളുടെ എണ്ണം | 283 |
| തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | 283 |
| പഞ്ചായത്തിലെ ആകെ വാർഡുകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് തയ്യാറാക്കിയ ഗ്രാമസഭകളുടെ എണ്ണം | 16 |
| ലേബർ ബഡ്ജറ്റ് പ്രകാരം വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | 313 |
| സാങ്കേതിക അനുമതി ലഭിച്ച പദ്ധതികളുടെ എണ്ണം | 117 |
| തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 80 |
| സാമ്പത്തിക വർഷം സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങളുടെ എണ്ണം | 129596 |
| ലേബർ കംബോണന്റ് | 0 |
| ആകെ വരവ് | 32387092 |
| ആകെ ചെലവ് | 32387092 |

## 3-9 മോർഡ് സ്പെസിഫിക്കേഷനിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ ഓവർ ഹെഡ് ചാർജ്ജും കരാറുകാരൻ്റെ ലാഭവും ഉൾപ്പെടെ 20% വർദ്ധനവ് നൽകുന്നു- ചെലവ് അധികരിക്കുന്നതിനാൽ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗ്രാമപഞ്ചായത്തിന് അധിക ചെലവ് - ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2016-17 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ റോഡ് പണി മോർഡ് സ്പെസിഫി ക്കേഷൻ അവലംബിച്ചാണ് ചെയ്തിട്ടുള്ളത്. പ്രൈസ് സോഫ്റ്റ്‌വെയറിൽ പ്രസ്തുത സ്പെസിഫി ക്കേഷൻ ഉപയോഗിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെടുന്നുണ്ട്. ഇക്കാര്യങ്ങൾക്ക് GO(P)30/2016/ 29.02.16/FIN നമ്പർ ഉത്തരവിൽ വിശദാമായ മാർഗ്ഗനിർദേശങ്ങൾ നൽകിയിട്ടുണ്ട്. 2016-17 വർഷം പഞ്ചായത്തിലെ മരാമത്ത് പണികളിൽ കരാർ നൽകിയവർക്ക് മോർഡ് സ്പെസിഫിക്കേഷൻ ഉപയോഗിച്ച്

തയ്യാറാക്കിയിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിലെ ഡാറ്റാ നിരക്കിൽ 10% ഓവർ ഹെഡ് ചാർജ്ജും, 10% കരാറുകാരന്റെ ലാഭവും നൽകിയിട്ടുണ്ട്. മോർഡ് സ്പെസിഫിക്കേഷനിൽ ഡൽഹി ഷെഡ്യൂൾ നിരക്കിൽ തയ്യാറാക്കിയ ഇനങ്ങൾക്ക് സി.പി യും ഓവർഹെഡ് ചാർജ്ജും കൂടി ആകെ 15% പരിമിതപ്പെടുത്തിയാണ് അനുവദിച്ചത്. മോർഡ് സ്പെസിഫിക്കേഷനിൽ ഇപ്രകാരം 20% നൽകാൻ സർക്കാർ ഉത്തരവ് നൽകിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.16-ന് സോഫ്റ്റ്വെയർ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഇത്തരം കുറവുകൾ വരുത്താൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ആളിന് കഴിയില്ല എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള ഗുണഭോക്തൃ സമിതിയുടെ നിരക്ക് നിജപ്പെടുത്താൻ തസ്വഭവ ചീഫ് എഞ്ചിനീയർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (DB3/6512 /(B1)/2013.29.12.16) ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികൾക്ക് നൽകിയ വേലമൂല്യത്തിൽ 5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത് ഗ്രാമപഞ്ചായത്തിന്റെ ഈ ഇനത്തിലുള്ള ചെലവ് വർദ്ധിക്കാൻ ഇടയായി. മേൽ വിഷയത്തിൽ സർക്കാരിന്റെ സ്പഷ്ടീകരണം ലഭിക്കേണ്ടതുണ്ട്. ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഉദാ: ആലന്തറ സ്കൂൾ -പേയ്ക്കാവിള റോഡ് പുനരുദ്ധാരണം (98/17)

KSRTC Workshop- Makkam konam Road maintenance(112/17)

## 3-10 റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് അധിക ആനുകൂല്യം നൽകി - പഞ്ചായത്ത് ഫണ്ടിന്റെ അധിക ചെലവ് നിയന്ത്രിക്കണം

ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷം നടപ്പിലാക്കിയ റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് തയ്യാറാക്കിയ എസ്റ്റിമേറ്റിലെ ആദ്യ ഇനം "construction of embankment with material obtained from borrow pits" എന്നതാണ് (കരാറുകാരന്റെ ചെലവിൽ പുറമേ നിന്ന് മണ്ണ് കൊണ്ട് വന്ന് നിരപ്പാക്കുന്നതിന്). എന്നാൽ പ്രസ്തുത ഇനം പ്രവർത്തി premeasure ചെയ്ത് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ വളരെ കുറഞ്ഞ വാക്കുകളിൽ മാത്രമാണ് വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളത് ആയതിനാൻ പ്രസ്തുത ഇനം പ്രവൃത്തി ഈ മേഖലയിൽ ആവശ്യമാണെന്ന് സ്ഥാപിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥന് കഴിഞ്ഞിട്ടില്ല.റോഡ് കോൺക്രീറ്റ് പ്രവർത്തികൾക്ക് മോർഡ് സ്പെസിഫിക്കേഷൻ 301 & 302 എന്ന നിരക്ക് നൽകാനും അതുവഴി നിർമ്മാണ ചെലവ് കുറക്കാനും മേൽ വിഷയം പരിഗണിച്ച് എസ്റ്റിമേറ്റൽ പ്രൊവിഷൻ നൽകുന്നതുവഴി കഴിയുമായിരുന്നു. പ്രവൃത്തികളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | പ്രോജക്ട് നം. | എം ബുക്ക് നം. | അളവ് (m3) | നിരക്ക്/ cum | ചെലവഴിച്ച തുക |
|---|---|---|---|---|---|
| മക്കാംകോണം വടക്കനാട് റോഡ് കോൺക്രീറ്റിംഗ് | 148/17 | 394/2016-17 | 43.03 | 381.92 | 16502.76 |
| കൊക്കോട്ടുകോണം ചാത്തൻപാറ റോഡ് കോൺക്രീറ്റിംഗ് | 146/17 | 388/2016-17 | 44.894 | 381.93 | 17145 |
| വലിയകട്ടയ്ക്കാൽ പരുത്തിക്കുന്നു വിള റോഡ് | 149/17 | 335/2016-17 | 30.343 | 381.92 | 11588.59 |

| | | | | | |
|---|---|---|---|---|---|
| പുനരുദ്ധാരണം | | | | | |
| വെഞ്ഞാറമൂട് ചിറത്തലക്കൽ കൈതക്കെട്ട് റോഡ് പുനരുദ്ധാരണം | 147/17 | 389/16-17 | 41.94 | 381.92 | 16017.72 |
| കണ്ണൻകോട് കൊക്കോട്ട്കോണം റോഡ്പുനരുദ്ധാരണം | 91/17 | 195/16-17 | 53.94 | 381.92 | 20600.76 |
| ഉല്ലാസ് നഗർ കോട്ടുകുന്നം റോഡ്പുനരുദ്ധാരണം | 104/17 | 375/16-17 | 19.67 | 381.92 | 7513.13 |
| ശാലിനി ഭവൻ മഠത്തുവിളാകം റോഡ് പുനരുദ്ധാരണം | 99/17 | 334/16-17 | 16.384 | 381.92 | 6257.37 |
| ആലന്തറ അംഗൻവാടി റോഡ്പുനരുദ്ധാരണം | 97/17 | 314/16-17 | 52.685 | 381.92 | 20121.45 |
| കൊക്കോട്ട്കോണം വയ്യേറ്റ് റോഡ് പുനരുദ്ധാരണം | 90/17 | 136/16-17 | 67.02 | 381.92 | 25596.27 |

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ സാമ്പത്തിക അച്ചടക്കം പാലിക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതും ഭരണ സമിതിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 3-11 മെയിന്റനൻസ് ഫണ്ട്(റോഡ്സ്) ഉപയോഗിച്ച് റോഡുകളുടെ നിർമാണപ്രവൃത്തികൾ നടത്തി

2016-17 വർഷം അസി.എഞ്ചിനീയർനടപ്പിലാക്കിയ നിർമാണപ്രവൃത്തികളിൽ പലതും മെയിന്റനൻസ് ഫണ്ട്(റോഡ്സ്)ഉപയോഗിച്ചാണ് ചെയ്തിരിക്കുന്നത്. ജി.ഒ(എം.എസ്) 330/2004 /ത.സ്വ.ഭ.വ/09.12.2004, ഗവ.സർക്കുലർ നം.68228/എഫ്.എം1/2012/ത.സ്വ.ഭ.വ/ 28.11.2012 എന്നിവ പ്രകാരം ചട്ടങ്ങൾക്ക് വിരുദ്ധമാണ്. Maintenance fund (Roads) ഉപയോഗിച്ച് റോഡുകളുടെ അറ്റകുറ്റപ്പണിയാണ് നടത്തേണ്ടത്. അറ്റകുറ്റപ്പണികളിൽപ്പെടുത്തി ഏറ്റെടുക്കാവുന്ന പണികളെക്കുറിച്ച് വിശദമായ ഉത്തരവുകൾ നിലവിലുണ്ട്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ശേഷവും റോഡ് മെയിന്റനൻസ് ഫണ്ട് ബാക്കിയുണ്ടെങ്കിൽ മെറ്റലിംഗ്, ടാറിംഗ്, കോൺക്രീറ്റിംഗ് തുടങ്ങി. പ്രവർത്തികളും ഏറ്റെടുക്കാവുന്നതാണ്. എന്നാൽ പഞ്ചായത്തിന്റെ റോഡുകളിലൊന്നും അറ്റകുറ്റപ്പണികൾ ആവശ്യമില്ലെന്ന് ഭരണസമിതി ഏകകണ്ഠമായ തീരുമാനമെടുത്തശേഷമായിരിക്കണം പ്രസ്തുത ഫണ്ട് നിർമാണപ്രവർത്തികൾക്ക് ഉപയോഗിക്കുന്നത്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്

(നം.17) പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉണ്ടെന്ന് പറഞ്ഞിരിക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പേര് | എം ബുക്ക് നം. |
|---|---|---|---|
| 1 | 118/17 | വലിയ കട്ടക്കാൽ ചെമ്പിട്ടവിള റോഡ് പുനരുദ്ധാരണം | 396/18-17 |
| 2 | 90/17 | കൊക്കോട്ടുകോണം വയ്യേറ്റ് റോഡ് പുനരുദ്ധാരണം | 136/16-17 |
| 3 | 97/17 | ആലന്തറ അംഗൻവാടി റോഡ് പുനരുദ്ധാരണം | 314/16-17 |
| 4 | 99/17 | ശാലിനി ഭവൻ മഠത്ത് വിളാകം റോഡ് പുനരുദ്ധാരണം | 334/16-17 |
| 5 | 104/17 | ഉല്ലാസ് നഗർ കോട്ടുകുന്നം റോഡ് പുനരുദ്ധാരണം | 375/16-17 |
| 6 | 91/17 | കണ്ണൻകോട് കൊക്കോട്ട്കോണം റോഡ് പുനരുദ്ധാരണം | 331/16-17 |
| 7 | 147/17 | വെഞ്ഞാറമൂട് ചിറത്തലക്കൽ റോഡ് കോൺക്രീറ്റിംഗ് | 389/16-17 |
| 8 | 14/817 | മക്കാംകോണം വടക്കനാട് റോഡ് കോൺക്രീറ്റിംഗ് | 394/16-17 |
| 9 | 149/17 | വലിയ കട്ടക്കാൽ പരുത്തിക്കുന്നവിള റോഡ് | 335/16-17 |

| | | | |
|---|---|---|---|
| | | പുനരുദ്ധാരണം | |
| 10 | 146/17 | കൊക്കൊട്ട്കോണം ചാത്തൻപാറ റോഡ് കോൺക്രീറ്റിംഗ് | 388/16-17 |
| 11 | 98/17 | ആലന്തറ സ്കൂൾ പേയ്ക്കാവിള റോഡ് പുനരുദ്ധാരണം | 192/16-17 |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഇപ്രകാരം ഫണ്ട് ചെലവഴിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുന്നു.

## 3-12 നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിൽ മാർഗരേഖ നിർദേശം പാലിക്കുന്നില്ല.

*i) മെയിന്റനൻസ് പ്ലാൻ (ആസ്തി സംരക്ഷണ പരിപാലന പദ്ധതി) തയ്യാറാക്കിയിട്ടില്ല.*

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്.4/16/തസ്വഭവ/11.01.2016/ 6.15(9) പ്രകാരം മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത്ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡിതര-റോഡ് ആസ്തികളുടെ സംരക്ഷണത്തിനോ അവയുടെ ഉപയോഗം വർധിപ്പിക്കുന്നതിനോ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനോ പ്രത്യേക മെയിന്റനൻസ് പ്ലാൻ തയ്യാറാക്കണമെന്ന നിർദേശം പാലിച്ചിട്ടില്ല.

*ii) എസ്.സി.പി നിരീക്ഷണ കമ്മിറ്റി രൂപീകരിച്ചിട്ടില്ല*

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്.4/16/തസ്വഭവ/11.01.2016/ 12.1(xvi) പ്രകാരം എസ്.സി.പി പ്രോജക്ടുകളുടെ നിർവഹണവും വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മറ്റി രൂപീകരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എസ്.സി വിഭാഗക്കാരായ ജനപ്രതിനിധികൾ മാത്രമാണ് ഈ കമ്മറ്റിയിലെ അംഗങ്ങൾ. ഈ കമ്മറ്റി മാസം തോറും യോഗം ചേർന്ന് പദ്ധതി നിർവഹണവും ഫണ്ടിന്റെ വിനിയോഗവും വിലയിരുത്തുകയും പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് തദ്ദേശഭരണ സ്ഥാപനത്തിന്റെ യോഗത്തിൽ അജണ്ടയായി വച്ച് ചർച്ച ചെയ്ത് ആവശ്യമെങ്കിൽ തുടർനടപടി സ്വീകരിക്കുവാനും നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത നിർദേശം പാലിച്ചിട്ടില്ല.

*iii) റോഡ് കണക്റ്റിവിറ്റി മേപ്പ് തയ്യാറാക്കിയിട്ടില്ല.*

2016-17വാർഷിക പദ്ധതി മാർഗ്ഗരേഖ സ.ഉ.എം.എസ്.4/16/തസ്വഭവ/11.01.2016/ 11.5(1)& 11.5(iii) പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും റോഡ് കണക്റ്റിവിറ്റി മേപ്പും പ്ലാനും നിർബന്ധമായും തയ്യാറാക്കുകയും റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്റ്റിവിറ്റി മേപ്പിൽ പ്രോജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവർത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും

നിർദേശമുണ്ട്. പ്രസ്തുത നിർദേശവും പാലിച്ചിട്ടില്ല. സർക്കാരിന്റെ നിർദ്ദേശം പാലിക്കാൻ ഭരണസമിതിയും നിർവഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

iv) 16.01.2010-ലെ സ.ഉ (സാധാ) 165/2010/തസ്വഭവ പ്രകാരം, തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സംരക്ഷണയിലുള്ള റോഡുകളുടെ പേര് സൂചിപ്പിക്കുന്ന ബോർഡ്, കൃത്യമായ ദൂരം കാണിക്കുന്ന കിലോമീറ്റർ, ഹെക്ടോമീറ്റർ കല്ലുകൾ സ്ഥാപിച്ചിട്ടില്ല.

## 3-13 തെരുവുവിളക്ക്, ഹൈമാസ്റ്റ് ലൈറ്റ് അറ്റകുറ്റപണികളിലെ അപാകതകൾ

തെരുവുവിളക്കുകളുടെയും ഹൈമാസ്റ്റ് ലൈറ്റിന്റെയും അറ്റകുറ്റപണികൾ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള പദ്ധതികൾ മുഖേനയാണ് പഞ്ചായത്തിൽ നടപ്പിലാക്കി യിട്ടുള്ളത്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1. തെരുവുവിളക്കുകളെ സംബന്ധിച്ച യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല. ഇതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പരാതി രജിസ്റ്റർ ഉൾപ്പടെ ഒരു രജിസ്റ്ററും സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല എന്ന മറുപടിയാണ് ലഭിച്ചത്.
2. തെരുവുവിളക്കുകളിൽ കത്താത്തവയുടെ എണ്ണം എത്ര, ഏതൊക്കെ എന്നൊന്നും തിട്ടപ്പെടുത്താതെയാണ് അറ്റകുറ്റപണികൾക്കായി കരാർ നൽകിയിട്ടുള്ളത്. പദ്ധതിക്ക് അടങ്കൽ നിശ്ചയിച്ചതെങ്ങനെ എന്നത് വ്യക്തമല്ല.
3. ഒരു പോസ്റ്റിലെ കേടായ ട്യൂബ് ഊരിമാറ്റി പകരം പുതിയത് വാങ്ങി സ്ഥാപിക്കുന്ന തിനുള്ള തുകയാണ് കരാറുകാരൻ ക്വാട്ട് ചെയ്തിട്ടുള്ളത്. ഇതിൻപ്രകാരം, 115 ട്യൂബുകൾക്കുള്ള തുക കരാറുകാരന് നൽകിയിട്ടുമുണ്ട്. തങ്ങളുടെ വാർഡുകളിലെ വിളക്കുകൾ റിപ്പയർ ചെയ്തിട്ടുണ്ട് എന്ന മെമ്പർമാരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. 115 പോസ്റ്റുകളിലും പുതുതായി വാങ്ങിയ സാധനങ്ങളാണോ ഫിറ്റ് ചെയ്തതെന്ന് വ്യക്തമല്ല. സാധനങ്ങൾ വാങ്ങിയത് കരാറുകാരൻ നേരിട്ടായതിനാൽ ബില്ലുകളോ സ്റ്റോക്ക് രജിസ്റ്ററോ സ്ഥാപനത്തിൽ ലഭ്യമല്ല എന്നാണ് അധികൃതർ അറിയിച്ചിട്ടുള്ളത്.
4. വാങ്ങിയ സാധനങ്ങളിൽ ഗ്യാരന്റി ഉള്ളവ ഏത്, അവ ഗുണനിലവാരമുള്ളതാണോ എന്നുള്ള അന്വേഷണങ്ങളൊന്നും നടന്നിട്ടില്ല.
5. ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപണിക്കായി ടെണ്ടർ ക്ഷണിച്ചെങ്കിലും ടെണ്ടറിലോ റീടെണ്ടറിലോ ആരും പങ്കെടുക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തി കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷനെ ഭരണസമിതി തീരുമാനം മുഖേന ഏൽപ്പിക്കുകയാണു ണ്ടായത്. തെരുവുവിളക്കുകൾ വിതരണം ചെയ്യുന്നതിനു മാത്രമാണ് KADCO-യെ അംഗീകൃതസ്ഥാപനമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. Electrical Contractors' License ഇല്ലാത്ത ടി സ്ഥാപനത്തെ ഇൻസ്റ്റലേഷൻ പ്രവർത്തികൾ ഏൽപ്പിച്ചതെങ്ങനെ എന്ന് വ്യക്തമല്ല.
6. നാലരലക്ഷത്തോളം രൂപയാണ് ജില്ലാ പഞ്ചായത്ത് എക്സി.എഞ്ചിനിയർ ഹൈമാസ്റ്റ് ലൈറ്റിന്റെ അറ്റകുറ്റപണിക്ക് നൽകിയിരുന്ന എസ്റ്റിമേറ്റ്. എന്നാൽ പദ്ധതി രൂപീകരിച്ചത് 1,50,000/- രൂപയ്ക്കാണ്. ഇതിലൊതുക്കി 1,49,998/-രൂപയുടെ ബിൽതുകയാണ് KADCO കൈപ്പറ്റിയിട്ടുള്ളത്. ചെയ്ത പ്രവർത്തികൾ എന്തൊക്കെ, വാങ്ങിയ സാധനങ്ങൾ ഏവ എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭ്യമല്ല. Highmast light maintenance – 149998/-രൂപ എന്ന മാത്രം കാണിച്ച് സ്ഥാപനം

നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

## 3-14 â പദ്ധതി രൂപീകരിക്കുന്നതിനു മുൻപേ പ്രവൃത്തിയുടെ നിർവ്വഹണം പൊതുമരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധം

പദ്ധതി : SO082/17

പബ്ലിക് കംഫർട്ട് സ്റ്റേഷൻ നിർമ്മാണം

നിർവ്വഹണോദ്യോഗസ്ഥൻ : അസിസ്റ്റന്റ് എഞ്ചിനീയർ

അടങ്കൽ : 495000/-രൂപ

ചെലവ് : 438281/-രൂപ

ബിൽ നം.തീയതി : 19/16-17, 31.03.17

എം.ബുക്ക് നം. : 395/16-17

2016-17 സാമ്പത്തിക വർഷത്തിൽ 495000/-രൂപ ലോകബാങ്ക് ധനസഹായം വകയിരുത്തി പ്രസ്തുത പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിലുൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾ പലതും എം.ബുക്ക് പ്രകാരം ചെയ്തിട്ടില്ല. എന്നാൽ സ്ഥല പരിശോധനയിൽ എസ്റ്റിമേറ്റിലുൾപ്പെടാത്തവയും ചെയ്തിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഉദാ: Providing & fixing readymade ferro cement septic tank.

ഇപ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കാത്ത പ്രവൃത്തി നടത്താൻ 27.05.16-ലെ സാധാരണ യോഗത്തിലെ vi-ാം നമ്പർ തീരുമാന പ്രകാരം മുൻകൂർ പ്രവർത്തനാനുമതിയും നൽകിയിട്ടുള്ളതായി കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് പ്രവൃത്തി പൂർത്തീകരിച്ച നടപടി നിലവിലെ വ്യവസ്ഥകൾക്കനുസരിച്ച് ന്യായീകരി ക്കത്തക്കതല്ല.

ഫയലുകൾ പരിശോധിച്ചതിൽ 2017-18 സാമ്പത്തിക വർഷത്തിൽ വെഞ്ഞാറമൂട് പബ്ലിക് കംഫർട്ട് സ്റ്റേഷനിലെ ശേഷിക്കുന്ന പ്രവൃത്തികൾ എന്ന ഒരു പ്രോജക്റ്റിന് (SO163/18) അംഗീകാരം നൽകിയിട്ടുള്ളതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരം ഐറ്റം നം.16-ൽ 0.5mm galvanized iron sheet ആണ് ഉപയോഗിക്കേണ്ടത്. എന്നാൽ സ്ഥലപരിശോധനയിൽ 0.35 mm ഷീറ്റാണ് ഉപയോഗിച്ചിട്ടുള്ളത്. എസ്റ്റിമേറ്റിൽ നിന്നും കുറഞ്ഞ നിരക്കിൽ ചെയ്തിട്ടുള്ള പ്രവൃത്തിയാകയാൽ അധികമായി വകയിരുത്തിയിട്ടുള്ള തുക ബില്ലിൽ കിഴിവു വരുത്തേണ്ടതാണ്.

## 3-15 ചെലവു രേഖകൾ ലഭ്യമാക്കിയില്ല - 4,40,000/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം.129/16, 130/16 എന്നിവ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താ ക്കൾക്ക് ഭവന നിർമ്മാണത്തിനായി അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ പദ്ധതികളാണ്. ആയതിൻ പ്രകാരം 4,40,000/-രൂപ ബിൽ ബുക്ക് മുഖേന പിൻവലിച്ചിട്ടുണ്ട്. എന്നാൽ ടി തുകയ്ക്കുള്ള ചെലവുരേഖകളൊന്നും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33) മറുപടി ലഭ്യമല്ല. ആകയാൽ പ്രസ്തുത ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-16 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ

(i) പ്രോജക്ട് : 133/17 ഭവന പുനരുദ്ധാരണം (എസ്.സി)

ചെലവ് : 3,15,000/-രൂപ

പ്രസ്തുത പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ ഓരോ ഗുണഭോക്താവിനും വ്യത്യസ്ത നിരക്കിൽ ആനുകൂല്യം നൽകിയിരിക്കുന്നതായി കാണുന്നു. തത്സംബന്ധമായ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആനുകൂല്യം പൂർണ്ണമായി ലഭ്യമാകാത്ത എത്രപേരുണ്ടെന്ന് തിട്ടപ്പെടുത്താൻ കഴിയുന്നില്ല. അപേക്ഷയോടൊപ്പം stage certificate, valuation certificate, ചെലവിനാധാരമായ വൗച്ചറുകൾ എന്നിവയൊന്നും സൂക്ഷിച്ചിട്ടില്ല. ഓരോ ഘട്ടവും പൂർത്തിയായ ശേഷമാണോ ധനസഹായം നൽകിയിട്ടുള്ളത് എന്ന് വ്യക്തമല്ല.

(ii) 'ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങൽ' എന്ന പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിയലും) ചട്ടങ്ങൾ പ്രകാരം പൊതു ആവശ്യങ്ങൾക്ക് ഭൂമി വാങ്ങുമ്പോൾ ജില്ലാ കളക്ടറുടെ അനുയോജ്യതാ സാക്ഷ്യപത്രം വാങ്ങേണ്ടതാണ്. എന്നാൽ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിൽ ഈ നിബന്ധന പാലിച്ചുകാണുന്നില്ല.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം (ഉണ്ടെങ്കിൽ)

മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| വാമനപുരം ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 50000 | ബഡ്സ് സ്കൂൾ ചെലവ് | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ (ഉണ്ടെങ്കിൽ)

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയതി | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ & പൊതുടാപ്പ് സ്ഥാപിക്കൽ | 22/16.03.2017<br>23/16.03.2017<br>42/31.03.2017<br>37/29.03.2017<br>38/29.03.2017 | 1200000<br>300000<br>100000<br>42000<br>17946 | - | - | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് (ഉണ്ടെങ്കിൽ)

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2015-16 | ഓഡിറ്റ് എൻക്വയറി നം.17 | 4942 | AE-LSGD Nellanad | 11601104651/ 01.11.16 |
| 2015-16 | ,, | 4740 | ,, | 11601104652/ 01.11.16 |
| 2013-14 | 2-1(b) | 1584 | ഷീലാദാസ്.പി Service Traders | 11601102322/ 07.07.16 |
| 2013-14 | - | 1250+ 425 (പലിശ) | നിർമ്മൽ ഗ്യാസ് എജൻസി (P.T) | 11601105507/ 22.12.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|

| | | | |
|---|---|---|---|
| | നമ്പർ | | |
| 2001-02 | 2001-02<br>3-32 (1) | കൺവീനർ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണികളൊന്നും നടത്തിയില്ല<br>മൃഗാശുപത്രി നവീകരണം<br>എസ്റ്റിമേറ്റ്തുക - 95000<br>കൺവീനർ - പി.എസ്.ഷിബു<br>ചെക്ക് നം. - 601933/<br>27.03.2002(23750) | തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽഫണ്ട് അക്കാണ്ട്സ് കമ്മിറ്റിയിൽ ശുപാർശ ചെയ്തിട്ടുണ്ട്. (ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 28.06.2017-ലെ എബി.1/33/2017 ത.സ്വ.ഭ.വ ) |
| 2001-02 | 2001-02<br>3-32(2) | കൺവീനർ മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പണികളൊന്നും നടത്തിയില്ല<br>ആലന്തറ യു.പി.എസ്സിന് കുടിവെള്ളം<br>എസ്റ്റിമേറ്റ് തുക - 90000<br>കൺവീനർ - ശ്രീ.തുളസീധരൻ<br>ചെക്ക് നം. - 601928/27-03-12<br>തുക - 22500 | തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽഫണ്ട് അക്കാണ്ട്സ് കമ്മിറ്റിയിൽ ശുപാർശ ചെയ്തിട്ടുണ്ട്. (ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 28.06.2017 ലെ എബി.1/33/2017 ത.സ്വ.ഭ.വ ) |
| 2001-02 | 2001-02<br>3-32(2) | കമ്പ്യൂട്ടർ പരിശീലന ക്ലാസ് തുടങ്ങിയിട്ടില്ല- വ്യർത്ഥമായ | തടസ്സം ഒഴിവാക്കുന്നതിന് ലോക്കൽഫണ്ട് അക്കൗണ്ട്സ് |

| | | | |
|---|---|---|---|
| | | ചെലവ് -169650 | കമ്മിറ്റിയിൽ ശുപാർശ ചെയ്തിട്ടുണ്ട്. (ത.സ്വ.ഭ.വ പ്രിൻസിപ്പൽ സെക്രട്ടറിയുടെ 28.06.2017-ലെ എബി.1/33/2017 ത.സ്വ.ഭ.വ ) |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

*(എ) സംക്ഷിപ്ത വിവരം*

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 92346093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56619974 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 440000+2569200 = 3009200 |

*(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം*

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 25,69,200 | ശ്രീ.മുഹമ്മദ് ഷെരീഫ്.എ.എസ്., സെക്രട്ടറി ഇൻ-ചാർജ് |
| 3-15 | 4,40,000 | ശ്രീ.മുഹമ്മദ് ഷെരീഫ്.എ.എസ്., സെക്രട്ടറി ഇൻ-ചാർജ് |

| | | |
|---|---|---|
| | | |

*(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം*

ഇല്ല

*(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ*

ഇല്ല

*(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ*

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | LFTDGP.10/183/04 dated 12-08-14 | 04 | |
| 2002-03 | LFTDGP.10/1389/05 dated 12-08-14 | 06 | |
| 2004-05 | LFTDGP.10/1225/08 dated 12-08-14 | 14 | |
| 2005-06 | LFTDGP.10/1227/08 dated 12-08-14 | 25 | |
| 2006-07 | LFTDGP.10/1228/08 dated 12-08-14 | 16 | |
| 2007-08 | LFTDGP.10/1840/09 dated 12-08-14 | 05 | |
| 2008-09 | LFTDGP.10/1136/11 dated 28-10-11 | 08 | |
| 2009-10 | LFTDGP.10/1410/14 dated 21-10-14 | 04 | |
| 2010-11 | LFTDGP.10/326/12 dated 06-04-13 | 10 | |
| 2011-12 | LFTDGP.10/629/14 dated 22-04-15 | 21 | |

| | | | |
|---|---|---|---|
| 2012-13 | LFTDGP.10/1121/14 dated 29-08-14 | 16 | |
| 2014-15 | KSA.TVM.GP.10/1373/16 dated 01-08-16 | 17 | |
| 2015-16 | KSA.TVM.GP.10/1962/16 dated 16-11-16 | 13 | |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഫീസ്, തിരുവനന്തപുരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ നെല്ലനാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ് ചെലവ്-കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ഈ റിപ്പോർട്ടിലെ ഖ 1-6 പ്രകാരമുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.
2. 2015-2016 സാമ്പത്തിക വർഷം ആസ്തി വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയി ട്ടുണ്ടെങ്കിലും ആസ്തിയുടെ മൂല്യം നിർണ്ണയിച്ചിട്ടില്ല.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഫീസ്, തിരുവനന്തപുരം.

എ.എൻ.24/10/17